പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1853 | 11.02.2020 ൽ മറുപടിയ്ക്ക്

## ഇ-ഓഫീസ് സംവിധാനം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇ-ഓഫീസ് സംവിധാനം എല്ലാ ഓഫീസുകളിലും നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; നിലവിൽ ഇ-ഓഫീസ് സംവിധാനം ഏതൊക്കെ ഓഫീസുകളിലാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | സർക്കാർ ഓഫീസുകൾ കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, 14 കളക്ടറ്റുകൾ, 18 സബ് കളക്ടറേറ്റ് / ആർ.ഡി.ഒ ഓഫീസുകൾ, 3 താലൂക്കുകൾ, ഇടുക്കി, വയനാട് ജില്ലകളിലെ വില്ലേജ് ഓഫീസുകൾ, 65 ഡയറക്ടറേറ്റ് / കമ്മീഷണറേറ്റ് / മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കേന്ദ്ര സർക്കാരിന് കീഴിലുള്ള എൻ. ഐ. സി. വികസിപ്പിച്ചെടുത്ത ഇ-ഓഫീസ് സംവിധാനത്തിന്റെ പോരായ്മകൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | ഇ-ഓഫീസ് സോഫ്റ്റ്‌വെയറിന്റെ വേഗതക്കുറവ്, കുറഞ്ഞ ഉപയോക്തൃ സൗഹൃദം, പല ദിവസങ്ങളിലും പൂർണ്ണമായോ ഭാഗികമായോ ഇ-ഓഫീസിന്റെ സേവനം ലഭിക്കാതിരിക്കുക എന്നിവയാണ് പ്രധാന ന്യൂനതകൾ. മറ്റ് ന്യൂനതകൾ താഴെ പറയുന്നവയാണ്.<br>1. മലയാളം ടൈപ്പിംഗിനുള്ള ബുദ്ധിമുട്ട്.<br>2. നോട്ടിംഗിലും ഡ്രാഫ്റ്റിംഗിലുമുള്ള അലൈൻമെന്റ് പ്രശ്നം.<br>3. പേജ് നാവിഗേഷനിലുള്ള ബുദ്ധിമുട്ട്.<br>4. വിവിധ മാന്വലുകൾ പ്രകാരമുള്ള റിപ്പോർട്ടുകൾ ലഭിക്കാത്ത അവസ്ഥ.<br>5. ഒരു ഫയലിൽ തന്നെ വിവിധതരം നമ്പരുകൾ ഉള്ളത് കൊണ്ട് ആയത് പിന്നീട് കണ്ട്പിടിക്കുന്നതിനുള്ള ബുദ്ധിമുട്ട്.<br>6. ഫയലുകളും തപാലുകളും സെർച്ച് ചെയ്ത് കണ്ട് പിടിക്കുന്നതിനുള്ള ബുദ്ധിമുട്ട്. |

| | | | |
|---|---|---|---|
| | | | 7. ഒരു ചെറിയ കാര്യം ചെയ്യുന്നതിന് തന്നെ വളരെയധികം മൗസ് ക്ലിക്കുകൾ ആവശ്യമായി വരുന്ന അവസ്ഥ.<br>8. സോഫ്റ്റ് വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക വിദ്യയുടെ കാലപ്പഴക്കം.<br>9. ഫയൽ ഓപ്പണാകുന്നതിനുള്ള കാലതാമസം.<br>10. മറ്റ് വകുപ്പുകളിലേക്കും സെക്ഷനുകളിലേക്കും ഫയലുകൾ സ്ഥിരമായി ട്രാൻസ്ഫർ ചെയ്തു നൽകാൻ സാധിക്കാത്ത അവസ്ഥ. |
| (സി) | നിലവിലുള്ള ഇ-ഓഫീസ് സംവിധാനം പിൻവലിച്ച് പകരം പുതിയ സംവിധാനം കൊണ്ട് വരുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) യും (ഡി) യും | ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ പ്രസ്തുത വിഷയം 19.01.2017 ൽ കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാനതല അപെക്സ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ എൻ.ഐ.സി യെ ചുമതലപ്പെടുത്തുകയും സർക്കാർ ഉത്തരവ് പ്രകാരം ആയതിനുള്ള നിർദ്ദേശം എൻ.ഐ.സി യ്ക്ക് നൽകുകയും ചെയ്തു. 2017 മാർച്ച് മാസത്തിൽ ഇ-ഓഫീസ് പ്രതിസന്ധി രൂക്ഷമായതിനാൽ 25.03.2017 ൽ അന്നത്തെ ചീഫ് സെക്രട്ടറി ഒരു അടിയന്തിര യോഗം വിളിക്കുകയും ഇ-ഓഫീസിലെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്നും വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 18.04.2017 ന് മുമ്പ് സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി. എന്നാൽ ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയോ പുതിയ വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി നൽകാതിരിക്കുകയോ ചെയ്ത സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറി തല കമ്മിറ്റി 17.07.2017 ലെ സ.ഉ(സാധാ) നം. 161/2017/ITD ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. 26.07.2017 -ൽ കൂടിയ പ്രസ്തുത സമിതിയുടെ ആദ്യ യോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കും വേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസിംഗ് സോഫ്റ്റ് വെയർ ഓപ്പൺ മാർക്കറ്റിൽ നിന്നും |
| (ഡി) | ഇല്ലെങ്കിൽ നിലവിലുള്ള ഇ-ഓഫീസ് സംവിധാനം കുറ്റമറ്റതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | വാങ്ങുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതിയ ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Sajin

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

# സെക്രട്ടേറിയറ്റിനു പുറത്ത് ഇ-ഓഫീസ് നടപ്പിലാക്കിയ ഓഫീസുകൾ

**കളക്ടറേറ്റുകൾ**

1. കണ്ണൂർ
2. മലപ്പുറം
3. കോഴിക്കോട്
4. പത്തനംതിട്ട
5. എറണാകുളം
6. കോട്ടയം
7. വയനാട്
8. ആലപ്പുഴ
9. കാസറഗോഡ്
10. കൊല്ലം
11. തിരുവനന്തപുരം
12. ഇടുക്കി
13. തൃശ്ശൂർ
14. പാലക്കാട്

**സബ് കളക്ടറേറ്റുകൾ / ആർ.ഡി.ഒ ഓഫീസുകൾ**

1. തലശ്ശേരി
2. മാനന്തവാടി
3. പെരിന്തൽമണ്ണ
4. ദേവികുളം
5. ഫോർട്ട് കൊച്ചി
6. തിരുവല്ല
7. മൂവാറ്റുപുഴ
8. കോഴിക്കോട്
9. ഒറ്റപ്പാലം
10. പാലക്കാട്
11. കാഞ്ഞങ്ങാട്
12. പാല
13. കോട്ടയം
14. തിരുവനന്തപുരം
15. ചെങ്ങന്നൂർ
16. ഇടുക്കി
17. തിരൂർ
18. വടകര

**താലൂക്ക് ഓഫീസുകൾ**

1. ഇടുക്കി
2. വടകര
3. കണ്ണംകുളം

**വില്ലേജ് ഓഫീസുകൾ**

1. ഇടുക്കി ജില്ല
2. വയനാട് ജില്ല

**ഡയറക്ടറേറ്റ് / കമ്മീഷണറേറ്റ് / മറ്റ് സർക്കാർ സ്ഥാപനങ്ങൾ**

1. വാണിജ്യ നികുതി വകുപ്പ്
2. രജിസ്ട്രേഷൻ വകുപ്പ്
3. എക്സൈസ് കമ്മീഷണറേറ്റ്
4. ഭാഗ്യക്കുറി വകുപ്പ്
5. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്
6. മൃഗസംരക്ഷണ വകുപ്പ്
7. മോട്ടോർ വാഹനവകുപ്പ്
8. ഗ്രാമീണ വികസനവകുപ്പ്
9. ഹയർസെക്കന്ററി വിദ്യാഭ്യാസവകുപ്പ്
10. കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
11. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
12. കേരള നിയമസഭ (ഔദ്യോഗിക ഭാഷ സമിതി)
13. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
14. കേരള സ്റ്റാർട്ടപ്പ് മിഷൻ
15. എനർജി മാനേജ്മെന്റ് സെൻറ്റർ
16. റീജിയണൽ കാൻസർ സെൻറ്റർ
17. അനേർട്ട്
18. സി-ഡിറ്റ്
19. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
20. സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്
21. ജലനിധി
22. കേരള ഫിനാൻഷ്യൽ കോർപറേഷൻ
23. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ
24. കേരള സ്റ്റേറ്റ് ഐറ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
25. അക്ഷയ
26. ഇ-ഹെൽത്ത്
27. സ്റ്റേഷനറി വകുപ്പ്
28. സർവെ ഡയറക്ടറേറ്റ്
29. തിരഞ്ഞെടുപ്പ് കമ്മീഷൻ
30. സഹകരണ വകുപ്പ്
31. പഞ്ചായത്ത് ഡയറക്ടറേറ്റ്
32. പൊതു വിദ്യാഭ്യാസം
33. ഐ ടി പാർക്ക്
34. വനം വകുപ്പ്
35. കേരള പബ്ലിക് സർവീസ് കമ്മീഷൻ
36. നോർക്ക-റൂട്ട്സ്
37. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്
38. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്
39. വ്യാവസായിക പരിശീലന വകുപ്പ്
40. മത്സ്യബന്ധന വകുപ്പ്
41. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്
42. ഐസിഫോസ്
43. ടൗൺ & കൺട്രി പ്ലാനിങ്
44. കെഎസ്ഐഡിസി
45. സിവിൽ സപ്ലൈസ്
46. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
47. സ്മാർട്ട് സിറ്റി തിരുവനന്തപുരം
48. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
49. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്
50. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ
51. സൈനിക വെൽഫെയർ ഡയറക്ടറേറ്റ്
52. ഹോമിയോപതി ഡയറക്ടറേറ്റ്
53. കിൻഫ്ര

54. ഹാൻഡ്‌ലൂം ഡയറക്ടറേറ്റ്
55. പിന്നാക്ക വിഭാഗ വികസന വകുപ്പ്
56. പുരാവസ്തു വകുപ്പ്
57. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്
58. സാമൂഹിക നീതി വകുപ്പ്
59. ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് പാർക്ക്
60. ട്രഷറി ഡയറക്ടറേറ്റ്
61. കൃഷി വകുപ്പ്
62. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
63. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്
64. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
65. മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എ സംസ്ഥാന മിഷൻ

Saju

**സെക്ഷൻ ഓഫീസർ**